9934 (339)

~~6026~~ 6451

7701

Office of the Conservator of Forests Central Circle ★ TRICHUR

## കേരള സർക്കാർ

### സംഗ്രഹം

വനം വകുപ്പ്- ആങ്ങമൂഴി ഡിപ്പോയിലെ 10.11.80 ലെ തടി ലേലവും 15.6.81 ലെ പുനർലേലവും- ലേലവ്യവസ്ഥകൾ പാലിക്കാത്തതിന് ലേലക്കാരനായ ശ്രീ.കെ.വി.ചാക്കോ, കെ.സി.സി.സാമിൽ, കോട്ടയം കാവുംപറംപിൽ, കുട്ടപ്പുഴ, പത്തനംതിട്ടയെ സ്ഥിരമായി ബ്ലാക്ക് ലിസ്റ്റ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ഡി) വകുപ്പ്

സർക്കാർ ഉത്തരവ്(കൈയെഴുത്ത്) നം.40/91/വനം തീയതി,

തിരുവനന്തപുരം, 20.5.91.

---

പരാമർശം:- ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.4.91 ലെ എഫ്യു(3). 6287/91 നംപർ കത്ത്.

### ഉത്തരവ്

പുനലൂർ തടി വില്പന വിഭാഗം ഡിവിഷന്റെഅധീനതയിലുള്ള ആങ്ങമൂഴി ഡിപ്പോയിൽ 10.11.80 ൽ നടന്ന ലേലത്തിൽ ശ്രീ.കെ.വി.ചാക്കോ, കെ.സി.സി.സാമിൽ, കോട്ടയം കാവുംപറംപിൽ, കുട്ടപ്പുഴ, പത്തനംതിട്ട എന്നയാൾ 112.572 ക്യു.മീറ്റർ തടി ലേലം പിടിക്കുകയുണ്ടായി. എന്നാൽ യഥാസമയം പണം അടയ്ക്കാതിരുന്നതിനാൽ 15.6.81 ൽ പുനർലേലം നടത്തിയപ്പോൾ സർക്കാരിനുണ്ടായ 39094/- രൂപയുടെ നഷ്ടം റവന്യൂ റിക്കവറിമൂലം ടിയാനിൽ നിന്നും ഈടാക്കുകയും ചെയ്തു. ഇങ്ങനെ ലേല നിബന്ധനകളിൽ വീഴ്ചവരുത്തിയതിനാൽ ടിയാനെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാതിരിക്കാൻ കാരണം ബോധിപ്പിക്കുവാൻ ലേലക്കാരനായ ശ്രീ.കെ.വി.ചാക്കോയോട് പുനലൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർ 11.7.90 ലെ എ7.4417/80 നംപർ കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത നോട്ടീസ് "നോട്ട് നോൺ" എന്ന റിമാർക്കോടുകൂടി പോസ്റ്റർ അധികാരികൾ തിരിച്ചയക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ലേല നിബന്ധനയനുസരിച്ച് ശ്രീ.കെ.വി.ചാക്കോയെ സ്ഥിരമായി ബ്ലാക്ക് ലിസ്റ്റ് ചെയ്യാനാണ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്തിലൂടെ ശുപാർശ ചെയ്യുന്നത്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശുപാർശ അംഗീകരിച്ച് ശ്രീ.കെ.സി. ചാക്കോ, കെ.സി.സി.സാമിൽ, കോട്ടയം കാവുംപറംപിൽ, കുട്ടപ്പുഴ, പത്തനംതിട്ടയെ സ്ഥിരമായി ബ്ലാക്ക് ലിസ്റ്റ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ആർ.ദിവാകരൻ നായർ. അണ്ടർ സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ശ്രീ.കെ.വി.ചാക്കോ, കെ.സി.സി.സാമിൽ, കോട്ടയം കാവുംപറംപിൽ
കുട്ടപ്പുഴ, പത്തനംതിട്ട. F ue(3) 6287/91 dt: 13-6-91

(ക്യുസി.545/91) പകർപ്പ് എല്ലാ കൺസർവേറ്റർമാർക്കും ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും അറിവിനുംഅനന്തരനടപടിക്കും വേണ്ടി അയയ്ക്കുന്നു.

A/ 8/7

Ⓕ 6751

[illegible] 8/7/91